വികസനവും സംസ്ഥാനത്തിന്റെ അധീനതയിലുള്ള ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) മുഖേന നടപ്പിലാക്കണമെന്നും നാളിതുവരെ വിമാനത്താവളത്തിനായി ഏറ്റെടുത്ത് നൽകിയ ഭൂമിവിലയ്ക്ക് തത്തുല്യമായ ഓഹരി സംസ്ഥാനത്തിന് നൽകണമെന്നുമുള്ള സർക്കാർ നിർദ്ദേശം അറിയിക്കുകയുണ്ടായി.

സംസ്ഥാന നിർദ്ദേശത്തോട് കേന്ദ്രം അനുകൂല നിലപാട് സ്വീകരിക്കാത്തതിനാൽ തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളം ഏറ്റെടുത്ത് നടത്തുന്നതിനായി സംസ്ഥാന സർക്കാർ സ്പോൺസർ ചെയ്യുന്ന തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവള ലിമിറ്റഡ് (TIAL) എന്ന ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. മത്സരാധിഷ്ഠിതമായ ലേലമായതിനാൽ ബിഡ് സംബന്ധമായ വിഷയങ്ങളിൽ തീരുമാനം കൈക്കൊള്ളുന്നതിലേക്കായി ടെക്നിക്കൽ ആൻഡ് ഫിനാൻഷ്യൽ കൺസൾട്ടന്റിനേയും ലീഗൽ കൺസൾട്ടന്റിനേയും നിയമിച്ചിട്ടുണ്ട്. വിമാനത്താവളം ലേലം ചെയ്യുകയാണെങ്കിൽ തിരുവനന്തപുരം വിമാനത്താവളത്തിന്റെ ബിഡിനുള്ള നടപടിക്രമങ്ങളിൽ കേരള സർക്കാർ സ്പോൺസർ ചെയ്യുന്ന SPV-ക്ക് 10% റൈറ്റ് ഓഫ് ഫസ്റ്റ് റഫ്യൂസൽ (RoFR) നൽകാമെന്ന് കേന്ദ്ര സർക്കാർ ഭേദഗതി വരുത്തിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ബിഡ് സമർപ്പിക്കുന്നതിലേക്കായി കേരള സർക്കാർ കെ.എസ്.ഐ.ഡി.സി.-യും മറ്റ് സ്ഥാപനങ്ങളുമായി ചേർന്ന് ഒരു കൺസോർഷ്യം രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

## വിമാനത്താവളങ്ങളിലെ ഇന്ധന നികുതി

83 (87) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിമാനത്താവളങ്ങളിൽ ഇന്ധന നികുതിക്ക് നൽകിവരുന്ന വാറ്റ് തീരുവയിൽ ഇളവുകൾ നൽകി സർക്കാർ ഉത്തരവിറക്കിയിട്ടുണ്ടോ;

(ബി) സംസ്ഥാനത്തെ എല്ലാ വിമാനത്താവളങ്ങൾക്കും ഒരേ നിരക്കിലാണോ ഇളവുകൾ നൽകിയിട്ടുള്ളത്; അല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) ഉയർന്ന ഇന്ധന നികുതി നിരക്ക് കാരണം കരിപ്പൂരിൽ നിന്നുള്ള ആഭ്യന്തര സർവ്വീസുകൾ നിർത്തിവച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) കണ്ണൂർ എയർപോർട്ടിന് നൽകുന്ന നികുതി ഇളവുകൾ പൊതുമേഖലയിലുള്ള കോഴിക്കോട് വിമാനത്താവളത്തിനെ ദോഷകരമായി ബാധിക്കുന്ന സാഹചര്യത്തിൽ പ്രസ്തുത തീരുമാനം പുനഃപരിശോധിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) എങ്കിൽ കോഴിക്കോട് വിമാനത്താവളത്തിലും ഇന്ധന നികുതിയിൽ ഇളവ് നൽകുവാൻ സത്വര നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) എയർലൈൻ ഓപ്പറേറ്റർമാരുടെ സഹായത്തോടെ ആഭ്യന്തര വിമാനയാത്രയെ പ്രോത്സാഹിപ്പിക്കുന്നതിലേയ്ക്കായി കേന്ദ്ര സർക്കാർ, സംസ്ഥാന സർക്കാർ, എയർലൈൻ ഓപ്പറേറ്റർമാർ എന്നിവർ സംയുക്തമായി സഹകരിച്ച് ആഭ്യന്തര റൂട്ടുകളിൽ ചെലവ് കുറഞ്ഞ വിമാനയാത്ര സാധ്യമാക്കുന്നതിന് നടപ്പിലാക്കിയ റീജിയണൽ കണക്ടിവിറ്റി സ്കീമിന്റെ (ആർ.സി.എസ്. സ്കീം-ഉഡാൻ) നിബന്ധനകൾ പ്രകാരം ആർ.സി.എസ്. വിമാനത്താവളങ്ങൾ ഏവിയേഷൻ ടർബൈൻ ഫ്യൂവലിന്മേലുള്ള (എ.റ്റി.എഫ്.) വാറ്റ് 10 വർഷത്തേയ്ക്ക് ഒരു ശതമാനമായി കുറയ്ക്കേണ്ടതുണ്ട്. കൂടാതെ ഏകദേശം 2,250 കോടി രൂപ മുതൽമുടക്കി സ്ഥാപിച്ചിട്ടുള്ള കണ്ണൂർ വിമാനത്താവളത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്ക് ഭാരിച്ച സാമ്പത്തികം ആവശ്യമാണ്. ഒരു ഗ്രീൻ ഫീൽഡ് എയർപോർട്ട് ആയതിനാൽ ഈ വിമാനത്താവളത്തിലെ മാനവശേഷി ഉൾപ്പെടെയുള്ള എല്ലാ സേവനങ്ങളുടെയും ചെലവ് എയർപോർട്ടുതന്നെ വഹിക്കേണ്ടതായിട്ടുണ്ട്. ATF-മേലുള്ള നികുതി 10 വർഷത്തേക്ക് ഒരു ശതമാനം ആക്കിയാൽ മാത്രമേ കണ്ണൂർ വിമാനത്താവളത്തിലേയ്ക്ക് കൂടുതൽ വിമാനക്കമ്പനികളെ ആകർഷിക്കുന്നതിനും അതോടൊപ്പം യാത്രക്കാരുടെ ടിക്കറ്റ് നിരക്ക് കുറയ്ക്കുന്നതിനും സാധിക്കുകയുള്ളൂ. ഈ സാഹചര്യത്തിൽ ഉഡാൻ സ്കീമിൽ ഉൾപ്പെട്ട കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിനും ആഭ്യന്തര വിമാന സർവ്വീസുകൾ നടത്തുന്ന വിമാനങ്ങൾക്ക് ഏവിയേഷൻ ടർബൈൻ ഫ്യൂവലിന്മേലുള്ള KGST ഒരു ശതമാനമായി കുറച്ചിട്ടുണ്ട്.

(സി-ഇ) പുതിയ വിമാനത്താവളമായതിനാലും ഉഡാൻ പദ്ധതിയിൽ ഉൾപ്പെടേണ്ടതിനാലുമാണ് ഇന്ധന നികുതി പത്ത് വർഷത്തേയ്ക്ക് ഒരു ശതമാനമായി കുറയ്ക്കാൻ തീരുമാനിച്ചത്. കൂടുതൽ വിമാന കമ്പനികളെ ആകർഷിക്കുന്നതിനും ടിക്കറ്റ് നിരക്ക് കുറയ്ക്കുന്നതിനും ഇതുമൂലം കഴിഞ്ഞിട്ടുണ്ട്. ഇത്തരമൊരു സമീപനം സ്വീകരിച്ചതുകൊണ്ടാണ് ആഭ്യന്തര റൂട്ടുകളിൽ ചെലവ് കുറഞ്ഞ വിമാനയാത്ര സാധ്യമാക്കുന്നതിന് നടപ്പിലാക്കിയ റീജിയണൽ കണക്ടിവിറ്റി ഉഡാൻ സ്കീമിൽ കണ്ണൂർ വിമാനത്താവളത്തെ ഉൾപ്പെടുത്താൻ കഴിഞ്ഞത്. ഇത് ആഭ്യന്തര യാത്രക്കാരെ സംബന്ധിച്ചിടത്തോളം പ്രയോജനകരമാണ്. കോഴിക്കോട്, കൊച്ചി, തിരുവനന്തപുരം വിമാനത്താവളങ്ങൾക്ക് ഈ

LIBRARY ARCHIVES Kerala Legislative Assembly

ഇളവിന് അർഹത വരുന്നില്ല. കണ്ണൂർ, കാസർഗോഡ് ജില്ലകൾക്ക് പുറമെ കർണ്ണാടക സംസ്ഥാനത്തെ യാത്രക്കാരാണ് കണ്ണൂർ വിമാനത്താവളത്തെ കൂടുതലായി ആശ്രയിക്കുന്നത്. ആയതിനാൽ കണ്ണൂർ വിമാനത്താവളത്തിന് നൽകിയ ഇളവ് കരിപ്പൂരിൽനിന്നുള്ള ആഭ്യന്തര വിമാന സർവ്വീസുകളെ സാരമായി ബാധിക്കുമെന്ന് കരുതുന്നില്ല.

**കൊച്ചി മെട്രോയുടെ നിർമ്മാണ പ്രവർത്തനങ്ങൾ**

84 (88) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി മെട്രോയുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) കൊച്ചി മെട്രോ തൃപ്പൂണിത്തുറയിലേക്ക് നീട്ടുന്നതിനുള്ള പ്രവർത്തനങ്ങൾ ഏതുവരെയായി എന്ന് അറിയിക്കാമോ ;

(സി) ഈ നിർമ്മാണ പ്രവർത്തനങ്ങൾ എന്നത്തേക്ക് പൂർത്തീകരിക്കുമെന്ന് അറിയിക്കാമോ?

ഉത്തരം

(എ) കൊച്ചി മെട്രോയുടെ ആലുവ മുതൽ പേട്ട വരെയുള്ള ഒന്നാംഘട്ട നിർമ്മാണത്തിൽ ഉൾപ്പെട്ട 25.612 കി.മീ.-ൽ 18 കി.മീ. ഭാഗം ഇപ്പോൾ പ്രവർത്തനം നടത്തിവരുന്നു. ഒന്നാംഘട്ടത്തിൽ ഉൾപ്പെട്ട ബാക്കി 7.612 കി.മീ. ഭാഗത്ത് അതിവേഗം നിർമ്മാണം പുരോഗമിക്കുന്നു. ഇതിൽ മഹാരാജാസ് മുതൽ തൈക്കൂടം വരെയുള്ള ഭാഗം ജൂണിലും തൈക്കൂടം മുതൽ പേട്ട വരെയുള്ള ഭാഗം ഡിസംബറിലും കമ്മീഷൻ ചെയ്യാൻ ഉദ്ദേശിക്കുന്നു.

(ബി) ഒന്നാംഘട്ടം ദീർഘിപ്പിക്കുന്നതിന്റെ ഭാഗമായുള്ള പേട്ട മുതൽ എസ്.എൻ. ജംഗ്ഷൻ വരെയുള്ള (ഘട്ടം-1A) ഭാഗം നിർമ്മാണ പ്രവർത്തനങ്ങൾക്കായുള്ള ടെണ്ടർ നടപടികൾ അന്തിമഘട്ടത്തിലാണ്. പ്രസ്തുത പദ്ധതിക്കായുള്ള സ്ഥലം ഏറ്റെടുക്കൽ നടപടികളും പുരോഗമിക്കുന്നുണ്ട്. സ്ഥലങ്ങൾ ലഭിക്കുന്നപക്ഷം പദ്ധതി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. എസ്.എൻ. ജംഗ്ഷൻ മുതൽ തൃപ്പൂണിത്തുറ വരെയുള്ള ഭാഗത്തിന്റെ വിശദമായ പദ്ധതി റിപ്പോർട്ട് ഭരണാനുമതി നൽകുന്നതിനായി പരിശോധിച്ചുവരുന്നു.

(സി) ആവശ്യമായ അനുമതികളും സ്ഥലവും ലഭ്യമാകുന്നമുറയ്ക്ക് പേട്ട-എസ്.എൻ. ജംഗ്ഷൻ പദ്ധതി 2021 ഡിസംബറിലും എസ്.എൻ. ജംഗ്ഷൻ - തൃപ്പൂണിത്തുറ ഭാഗം 2022 ഡിസംബറിലും പൂർത്തീകരിക്കുവാൻ ലക്ഷ്യമിടുന്നു.

LIBRARY ARCHIVES Kerala Legislative Assembly